പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4806 — 27.06.2014 ലെ മറുപടിയ്ക്ക്

## വിള ഇൻഷ്വറൻസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. കെ.കെ.ലതിക | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക വിളകളുടെ ഈടിന്മേൽ വിള വായ്പാ പദ്ധതിയും വായ്പാതോത് അനുസരിച്ച് വിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി പ്രകാരവും, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും, വിളവായ്പ എടുത്ത കർഷകർ നിർബന്ധമായും, ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് മേൽപറഞ്ഞ പദ്ധതികളിൽ അംഗങ്ങളായിരിക്കണം. |
| (ബി) ഏതൊക്കെ വിളകൾക്കാണ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം 2013-14 ഖാരിഫ്, റാബി സീസണിൽ നെല്ല്, വാഴ, മരച്ചീനി എന്നീ വിളകൾക്കും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി 2013-14 ഖാരിഫ് സീസണിൽ നെല്ല്, വാഴ, കുരുമുളക്, തെങ്ങ്, കമുക്, ഇഞ്ചി, മഞ്ഞൾ, ഏലം, പൈനാപ്പിൾ, കരിമ്പ് എന്നീ 10 വിളകൾക്കും, റാബി സീസണിൽ നെല്ല്, വാഴ, കശുമാവ്, കരിമ്പ്, മാവ് എന്നീ 5 വിളകൾക്കും ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.<br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നിവയ്ക്ക് സംരക്ഷണം നൽകുന്നു. |
| (സി) വിള ഇൻഷ്വറൻസ് പദ്ധതിയുടെ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ മൂലവും, വന്യമൃഗങ്ങളുടെ ആക്രമണം കൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കു മാത്രമേ പദ്ധതിയുടെ സംരക്ഷണം ലഭിക്കുകയുള്ളൂ.<br>പദ്ധതിയിൽ ചേരുന്ന കർഷകൻ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. ഈ തുക മടക്കി കൊടുക്കുന്നതല്ല.<br>പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴ് |